No: 2656/ഇ2/14/LSGD

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## തൊഴിലുറപ്പു പദ്ധതിയുടെ പ്രവർത്തനമേഖല

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1492

21.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>" കെ. എൻ. എ. ഖാദർ<br>" എൻ. എ. നെല്ലിക്കുന്ന്<br>" വി. എം. ഉമ്മർ മാസ്റ്റർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പുപദ്ധതിയുടെ പ്രവർത്തനമേഖല വിപുലപ്പെടുത്തിയ ശേഷമുണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം വെളിപ്പെടുത്തുമോ; | (എ) | തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനമേഖല വിപുലപ്പെടുത്തിയതിന് ശേഷമുണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ ഉൾപ്പെടെയുള്ള തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ പഠനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ചുവടെ പറയുന്ന ജില്ലകളിൽ വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>തിരുവനന്തപുരം, കോട്ടയം - ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്<br>ആലപ്പുഴ - കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡി<br>മലപ്പുറം, തൃശ്ശൂർ-കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി,<br>തൃശ്ശൂർ,കോഴിക്കോട്, കണ്ണൂർ - കേരള യൂണിവേഴ്സിറ്റി;പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റ്<br>കൊല്ലം,പത്തനംതിട്ട,എറണാകുളം- സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സ്, എം.ജി യൂണിവേഴ്സിറ്റി, കോട്ടയം |

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1493

21.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഇ.കെ. വിജയൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ എത്ര രൂപയാണ് മെറ്റീരിയൽ വർക്കിന് അനുവദിച്ചിട്ടുള്ളത്; | (എ) | തൊഴിലുറപ്പ് പദ്ധതിയിലെ ആകെ ചെലവിന്റെ 40% തുക ഒരു സാമ്പത്തിക വർഷം സാധനഘടകമായി (സാധന സാമഗ്രികളുടെ വില, അർദ്ധ വിദഗ്ദ്ധ/ വിദഗ്ദ്ധ തൊഴിലാളികൾക്കുള്ള വേതനം) ചെലവഴിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. 2006-07 മുതൽ 2013-14 (16.01.2014) വരെ 18809.42 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു, |
| (ബി) | ഈ ഇനത്തിൽ ഇതുവരെ എത്ര ശതമാനം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; | (ബി) | |
| (സി) | എൻ.ആർ.ഇ.ജി.എ. ഫണ്ട് ഉപയോഗിച്ച് മെറ്റീരിയൽ വർക്ക് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ എങ്കിൽ വിശദാംശം നൽകാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ